**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 399** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഓണക്കാലത്തെ ലഹരി കടത്ത് തടയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഓണക്കാലം മുൻനിർത്തി വ്യാജവാറ്റും അതിർത്തി വഴിയുള്ള ലഹരി കടത്തും തടയുന്നതിന് എക്സൈസ് വകുപ്പ് വയനാട് ജില്ലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | 2022 ഓണാഘോഷത്തോടനുബന്ധിച്ച് വ്യാജവാറ്റ്, വ്യാജ മദ്യ വിൽപ്പന, അതിർത്തി വഴിയുള്ള ലഹരി കടത്ത്, അബ്കാരി/എൻ.ഡി.പി.എസ് കുറ്റകൃത്യങ്ങൾ എന്നിവ തടയുന്നതിന് 2022 ആഗസ്റ്റ് 5 മുതൽ സെപ്റ്റംബർ 12 വരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വയനാട് എക്സൈസ് ഡിവിഷൻ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ തല കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ എല്ലാ സർക്കാർ ഓഫീസുകളും കേന്ദ്രീകരിച്ച് താലൂക്ക് തല കൺട്രോൾ റൂം രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br><br>വ്യാജവാറ്റ് നടത്തുവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ, എക്സൈസ്, പോലീസ്, ഫോറസ്റ്റ്, റവന്യൂ വകുപ്പുകൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവരുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ നടത്തി വരുന്നു. ഓണക്കാലത്ത് തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്ന് വ്യാജമദ്യവും മയക്കുമരുന്നുകളും കടത്തുന്നതിന് സാദ്ധ്യതയുള്ളതിനാൽ ടി സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന വയനാട് ജില്ലയിലെ പ്രദേശങ്ങളിൽ എക്സൈസ്/പോലീസ്/ഫോറസ്റ്റ് എന്നീ വിഭാഗവുമായി ചേർന്ന് സംയുക്ത മീറ്റിംഗുകളും, പരിശോധനകളും നടത്തി വരുന്നുണ്ട്. കൂടാതെ സംസ്ഥാന അതിർത്തി പ്രദേശങ്ങളിലും, എക്സൈസ് ചെക്ക് പോസ്റ്റ് ഇല്ലാത്ത അതിർത്തി റൂട്ടുകളിലും 24 മണിക്കൂറും പ്രത്യേക പട്രോളിംഗും, വാഹന പരിശോധനയും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ